**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.204 | 23-01-2018 ൽ മറുപടിയ്ക്ക്

**കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനു സ്വന്തമായി കെട്ടിടം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആർ.രാമചന്ദ്രൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനു സ്വന്തമായി കെട്ടിടമില്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ; | എ) | കരുനാഗപ്പള്ളി ഫയർ സ്റ്റേഷന് വേണ്ടി സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ലാത്തതിനാൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച 30.03.1989 മുതൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാതെ വരികയും തുടർന്ന് കെ.ഐ.പി.യുടേയും പോലീസ് വകുപ്പിന്റേയും സ്ഥലങ്ങൾ പരിശോധിച്ചതിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള പോലീസ് വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) പോലീസ് ക്വാർട്ടേഴ്സ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തു ഒരു ഭാഗത്ത് ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ? | ബി) | കരുനാഗപ്പള്ളി നിലയത്തിനായി പുതുതായി നിർദ്ദേശിക്കപ്പെട്ട 20 സെന്റ് സ്ഥലം 08.12.2017-ൽ അളന്ന് തിട്ടപ്പെടുത്തുകയും തുടർന്ന് രേഖകൾ കരുനാഗപ്പള്ളി തഹസീൽദാർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത സ്ഥലം അഗ്നിശമന വാഹനങ്ങൾക്ക് സഞ്ചാരയോഗ്യമാണ്. സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ